Page 1 of 2

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശികയുണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ട കുടിശ്ശികയാണുള്ളതെന്നും തുക എത്ര വീതമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ഇ&എഫ്) കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതാത് പദ്ധതി നിർവ്വഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. എന്നാൽ പദ്ധതി നിർവ്വഹണ ഏജൻസികൾ ആവശ്യപ്പെടുന്നപക്ഷം കരാറുകാർക്ക് നൽകേണ്ട തുകയുടെ 75% ഉടനെതന്നെ നൽകുന്നരീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ബാക്കി തുക കിഫ്ബിയുടെ മറ്റ് വിഭാഗങ്ങളുടെ പരിശോധനയ്ക്കുശേഷം സമയബന്ധിതമായി നൽകിവരുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. ബിൽ വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളൂ. പണം നൽകുന്നതിൽ കാലതാമസമുണ്ടാകാതിരിക്കാനാവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചുവരുന്നു. 2021 ഏപ്രിൽ മുതൽ, കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 538 ബില്ലുകളിന്മേൽ 36 എണ്ണം മാത്രമാണ് പണം നൽകാനുള്ളത്. ഇവ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതാണ്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

24(287) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു; എത്ര കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കിഫ്ബി വഴി പൂർത്തീകരിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണെന്നറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഇതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്. 23,197.90 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു; വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു.* 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

കിഫ്ബി പദ്ധതികൾക്കായി ചെലവഴിച്ച തുക

25(288) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെ തുക എത്ര; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്?

കിഫ്ബി മുഖേന നാളിതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 20863.25 കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) എത്ര കോടി രൂപയുടെ പദ്ധതികളാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളത്?

നാളിതുവരെ 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(സി) നാളിതുവരെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്നറിയിക്കുമോ?

നാളിതുവരെ വിവിധ പദ്ധതികൾക്കായി പാർട്ട് ബില്ലുകൾ ഉൾപ്പെടെ 10,907.07 കോടി രൂപ ചെലവഴിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.